T.C.. 038

014/DD/25

| Register Number | | | | | | | | | |
|---|---|---|---|---|---|---|---|---|---|

# DEPARTMENTAL EXAMINATIONS

## TRANSLATION TEST – SECOND PAPER – TRANSLATION OF NEWS PAPER REPORT IN MALAYALAM TO ENGLISH

(Without Books)

Maximum Time : 2.30 hours | Maximum Marks : 100

**Answer ALL questions.**

**(5 × 20 = 100)**

1. Translate into English :

**മുംബൈ: റിൻസ് മിയോ ഫോൺ ഈ മാസം ബുക്കിങ് ആരംഭിക്കാനിരിക്കെ റഷ്യൻ കമ്പനിയായ റിന്റെക്സ് പുതിയ 4ജി ഫീച്ചർ ഫോൺ അവതരിപ്പിച്ചു. റിന്റെക്സ് ടർബോ പ്ലസ് 4ജിയാണ് 1999 രൂപയ്ക്ക് 4ജി കണക്ടിവിറ്റി നൽകുന്നത്. റിനോ ഫോണിനു പിന്നാലെ 2500 രൂപയ്ക്ക് 4ജി ഫീച്ചർഫോൺ മുംബൈയിൽ അവതരിപ്പിക്കാൻ സാംസങ് നീക്കം നടത്തുന്നതിനിടെയാണ് റിന്റെക്സ് സ്വന്തം 4ജി ഫോൺ അവതരിപ്പിച്ചത്. സാംസങ് ഫോൺ സെപ്റ്റംബർ വിതരണം തുടങ്ങുമ്പോൾ റിന്റെക്സിന്റെ 4ജി ഫോൺ ദീപാവലി റിലീസ് ആണ്. മിയോ ഫോണിലെ അതേ ഓപ്പറേറ്റിങ് സിസ്റ്റം തന്നെയാണ് റിന്റെക്സിലും. രണ്ടിലും 2.4 ഇഞ്ച് ഡിസ്പ്ലേയാണുള്ളത്.**

2. Translate into English :

**കോട്ടയം : പുറമ്പോക്കിൽ നിന്ന് കുടിയൊഴിപ്പിക്കപ്പെട്ടതിന് പിന്നാലെ കടമായി അടിച്ചേൽപ്പിച്ച ലോട്ടറിയ്ക്ക് 60 ലക്ഷം. പതിനെട്ട് വർഷമായി കേരളത്തിൽ താമസിക്കുന്ന ആസാം സ്വദേശിയായ ചേതനെ (28) നെയാണ് ഭാഗ്യദേവത കടാക്ഷിച്ചത്. കേരള സംസ്ഥാന സർക്കാരിന്റെ തിരി ഭാഗ്യക്കുറി ടിക്കറ്റിന്റെ ഒന്നാം സമ്മാനത്തുകയായ 60 ലക്ഷം രൂപയാണ് ചേതന് ലഭിയ്ക്കുന്നത്. ലോട്ടറി ടിക്കറ്റ് ഇന്ത്യൻ ബാങ്കിന്റെ കോട്ടയം ശാഖയിൽ ഏൽപിച്ചിട്ടുണ്ട്. എരുമേലി ഭാഗത്ത് ചേതന് നാട്ടുകാർ പുറമ്പോക്കിൽ നിർമ്മിച്ചു നൽകിയ കുടിൽ കഴിഞ്ഞ ദിവസമാണ് അധികൃതർ പൊളിച്ച് മാറ്റിയത്. ഇതേ തുടർന്ന് ചേതന്റെ കുടുംബത്തിന് മൂവേലി സ്വദേശി നാല് സെന്റ് സ്ഥലം സൗജന്യമായി നൽകാൻ തയ്യാറായി. ഇവിടെ വീടു നിർമ്മിക്കാൻ പണമില്ലാതിരിയ്ക്കുമ്പോഴാണ് ലോട്ടറിക്കച്ചവടക്കാരനായ തോമസ് പണം പിന്നെ തന്നാൽ മതിയെന്ന ധാരണയിൽ ഇയാൾക്ക് ലോട്ടറി ടിക്കറ്റ് നൽകുന്നത്. പതിമൂന്നാം വയസ്സിൽ കേരളത്തിലെത്തിയ ചേതന് ഹിന്ദിയും മലയാളവും അടക്കം എട്ടു ഭാഷകൾ സംസാരിയ്ക്കാൻ കഴിയും. കഴിഞ്ഞ അഞ്ചു വർഷമായി ഗംഗാധരൻ എന്നയാളുടെ തേപ്പുകടയിലെ തൊഴിലാളിയാണ് ചേതൻ. ആസമിലേക്ക് മടങ്ങി ഭാവിയിൽ കുടുംബത്തോടൊപ്പം അവിടെ ജീവിക്കാനാണ് ചേതന്റെ ആഗ്രഹം.**

[Turn over

3. Translate into English :

അമേരിക്ക: 'എന്റെ അമ്മ മരിച്ചു', 'എനിക്ക് വിശക്കുന്നു' - 40 ദിവസം ഹിമറ്റൊൻ വനത്തിൽ കഴിഞ്ഞ കുട്ടികൾ ആദ്യമായി രക്ഷാപ്രവർത്തകരോട് പറഞ്ഞത് ഇതാണ്. കുട്ടികളുടെ അമ്മ കാതറീൻ നോഹ (36) അപകടം നടന്ന് രണ്ടാം ദിവസമാണ് മരിച്ചത്. ആ സമയങ്ങളിൽ കുട്ടികൾ ഒപ്പം തന്നെയുണ്ടായിരുന്നതായി പിതാവ് ടോം വെല്ലക്ക് വർടെ പറഞ്ഞു. പതിനൊന്നുകാരിയായ മൂത്തമകൾ നിമയോയാണ് ഇക്കാര്യം പിതാവിനോട് ഓർമ്മപ്പെടുത്തൽ പോലെ പറഞ്ഞത്. മരണത്തിനു കീഴടങ്ങും മുൻപ് കാതറീൻ നോഹ മക്കളോടായി പറഞ്ഞത് ഇങ്ങനെ: 'നിങ്ങൾ ഇവിടെനിന്നും രക്ഷപ്പെടണം. നിങ്ങളുടെ അച്ഛൻ എങ്ങനെയുള്ള വ്യക്തിയാണെന്ന് നിങ്ങൾ മനസ്സിലാക്കാൻ പോവുകയാണ്. ഞാൻ നിങ്ങളോട് കാണിച്ച സ്നേഹം അതേപോലെ അദ്ദേഹം നിങ്ങൾക്ക് നൽകും'.

4. Translate into English :

കൊല്ലം: മന്ത്രിയെന്ന നിലയിൽ സഹീരയുടെ പ്രവർത്തനങ്ങൾ പൊതു പ്രവർത്തകർക്കു മികച്ച മാതൃകയാണെന്ന് രാജൻ മാധവൻ എം.പി. കേരള മുൻ ആരോഗ്യമന്ത്രി സഹീരയും അതുല്യാ അരവിയും ചേർന്നുരചിച്ച 'എ കോമറെഡ് ലൈഫ്' എന്ന പുസ്തകത്തിന്റെ പ്രകാശനം കൊല്ലത്ത് നിർവഹിക്കുകയായിരുന്നു രാജൻ മാധവൻ എം.പി. ചെറിയ കാര്യങ്ങളുടെ പോലും വിശദാംശങ്ങൾ പഠിക്കാനും അർഹരായവർക്കെല്ലാം അംഗീകാരം നൽകാനും സഹീര കാണിച്ച ആർജവം പ്രശംസനീയമാണെന്നും അദ്ദേഹം പറഞ്ഞു. ആരോഗ്യ ദാന-ദയഫൗണ്ടേഷന്റെ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച പ്രകാശന ചടങ്ങിൽ മദ്രാസ് ഹൈക്കോടതി റിട്ട.ജഡ്ജി മാക്കൽ ഗോവിന്ദൻ മോഡറേറ്ററായി. ആരോഗ്യ ദാന-ദയഹൗണ്ടഷന്റെ സ്ഥാപകൻ സുഫായത്ത് പ്രസംഗിച്ചു.

5. Translate into English :

കോട്ടയം: നൂറ്റാണ്ടുകൾ പഴക്കമുള്ള ശിലാശാസനങ്ങളുടെ മാതൃക പൊടിയ്ക്കൽ മഹാദേവീക്ഷേത്രത്തിൽ പുനരാവിഷ്കരിക്കുന്നതിന്റെ ജോലികൾ അന്തിമഘട്ടത്തിൽ. പൊതുജനങ്ങൾക്ക് കാണാവുന്നവിധം ക്ഷേത്രത്തിനുപുറത്ത് കിഴക്കേനടയിൽ ഒരുങ്ങുന്ന ശിലാമണ്ഡപത്തിലാണ് ഫലകം വലിയ രൂപത്തിൽ തന്നെ സ്ഥാപിക്കുന്നത്. 1971-ൽ ചരിത്രകാരൻ ഡോ. രാഘവ പഞ്ചായനന്റെ നേതൃത്വത്തിലുള്ള സംഘം പൊടിയ്ക്കൽ ക്ഷേത്രത്തിൽനിന്നും സമീപത്തെ നാമാവശേഷമായ കാവിൽ നിന്നുമായി ശിലാശാസനങ്ങളും വിഗ്രഹങ്ങളും കണ്ടെടുത്തിരുന്നു. പിന്നീട് കോവളം സർവകലാശാലാ മ്യൂസിയത്തിന്റെ ഭാഗമായ അവ തിരിച്ചുകിട്ടില്ലെന്നതിനാലാണ് വട്ടെഴുത്തിലുള്ള ശാസനങ്ങൾ അതേ മാതൃകയിൽ ഗ്രാനൈറ്റിൽ കൊത്തി പരിഭാഷസഹിതം പ്രദർശിപ്പിക്കുന്നത്. ഗ്രാനൈറ്റിൽ കൊത്തിയ മാതൃക അടുത്തദിവസംതന്നെ ക്ഷേത്രത്തിലെത്തിക്കും.

---